(ഡി) കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി)

(ഇ) കാലപരിധി നിശ്ചയിച്ചിട്ടില്ല.

ഇ-മാലിന്യ നിർമ്മാർജ്ജനം

123 (4158) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-മാലിന്യ ശേഖരണവും റീ-സൈക്ലിംഗും നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. ടെലിവിഷൻ സെറ്റ് എന്നിവ ശേഖരിച്ച് നിർമ്മാർജ്ജനം/റീ-സൈക്ലിംഗ് നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇലക്ട്രോണിക് സാധനങ്ങൾ വില്പന/സർവ്വീസിംഗ് നടത്തുന്ന സ്ഥാപനങ്ങൾ മുഖേന ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നതിനുമുള്ള പ്രോജക്ടിനായി ടെന്ററുകൾ ക്ഷണിക്കുകയും സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാതെ കിടക്കുന്ന ഇ-മാലിന്യങ്ങളും ദിവസേന പുറംതള്ളുന്ന ഇ-മാലിന്യങ്ങളും നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുനഃചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനുമുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ സംസ്ഥാനത്ത് നിന്നും 110 ടൺ ഇ-മാലിന്യങ്ങൾ ശേഖരിക്കുകയും അവയുടെ പുനഃചംക്രമണത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോ കോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടീഷനറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങളും കിലോയ്ക്ക് അഞ്ച് രൂപ എന്ന നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

നഗര വികസനത്തിന് പൊതു-സ്വകാര്യപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ

124 (4159) ശ്രീ. പാലോട് രവി :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി.ഡി. സതീശൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര വികസനത്തെ സംബന്ധിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി നഗരസഭകളും വികസന അതോറിറ്റികളും പാർട്ട്ണർ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് എത്ര കരാറുകൾ ഒപ്പുവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) നഗരവകുപ്പ് തയ്യാറാക്കിയ പദ്ധതികൾ പ്രായോഗിക ഘട്ടത്തിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly